'164069/2024

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ: ബീന പി.എസ്)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് -ഒന്നാം ഗ്രേഡ് അഗ്രികൾച്ചറൽ അസിസ്റ്റന്റ്മാർക്ക് അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ (AAO) തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-

1) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/2207/2023-SE2 തീയതി 16.09.2023 ഉത്തരവ്.
2) സ.ഉ. (അച്ചടി) നം.18/2023/AGRI തീയതി 25.10.2023.
3) സർക്കാർ കത്ത് നം. AGRI/EA2/220/2023/AGRI Dated 31.10.2023.
4) എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 26-09-2023 ലെ ADFW /PAO / EKM / 616 / 2023 -E2 നമ്പർ കത്ത്.
5) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ (ഇൻചാർജ്ജ്) -ന്റെ 12.12.2023 ലെ ഇതേ നമ്പർ കരട് ഉത്തരവ്.

**ഉത്തരവ് നമ്പർ ADFW/2207/2023-SE2 തീയതി .** 08/01/2024

കൃഷി വകുപ്പിൽ 3072 കൃഷി അസിസ്റ്റന്റുമാരുടെ അംഗീകൃത തസ്തികകളാണുള്ളത്. കൃഷി അസിസ്റ്റന്റ് ഗ്രേഡ് II, കൃഷി അസിസ്റ്റന്റ് ഗ്രേഡ് I, അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ (AAO) എന്നിവരുടെ അനുപാതം 5:3:2 എന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർമാരുടെ അംഗീകൃത തസ്തികകളുടെ എണ്ണം 614 എന്ന് നിജപ്പെടുത്തിയിരിക്കുന്നു.

31.05.2023 വരെ അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർമാരുടെ തസ്തികയിലുണ്ടായ ഒഴിവുകൾ മേൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പ്രകാരം നികത്തികൊണ്ട് ഉത്തരവായിട്ടുണ്ട്. ആയതിനുശേഷമുള്ള കൃഷി ഫീൽഡ് ഓഫീസർ പ്രൊമോഷൻ മുഖേനയും, അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെ വിരമിക്കൽ മുഖേനയും 30.11.2023 വരെ അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ (AAO) തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേയ്ക്ക് കൃഷി അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ ജോലി നോക്കുന്നവരിൽ സീനിയർ ആയിട്ടുള്ളവർക്ക് താൽക്കാലികമായി റേഷ്യോ പ്രൊമോഷൻ അനുവദിച്ച് പരാമർശം (5) പ്രകാരം കരട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കരട് ഉത്തരവിൽ ലഭിച്ച പരാതികളിൽ ആവശ്യമായ തിരുത്തലുകൾ അന്തിമ ഉത്തരവിൽ വരുത്തിയിട്ടുണ്ട്.

പരാമർശം (1) ഉത്തരവ് പ്രകാരം അസിസ്റ്റന്റ് കൃഷി ഓഫീസർ ആയി മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലം കൃഷി ഭവനിൽ നിയമിതനായ സീനിയോറിറ്റി ലിസ്റ്റിലെ 865 ക്രമനമ്പറുകാരനായി ശ്രീ.വി.വി.വിജയൻ, സീനിയോറിറ്റി ലിസ്റ്റിലെ അപാകത കാരണം 935 ക്രമനമ്പറായി വീണ്ടും രേഖപ്പെടുത്തിയത് കാരണം പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് കൃഷി ഓഫീസറുടെ പ്രൊമോഷന്റെ കരട് ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെട്ടിരുന്നു. പ്രസ്തുത വിവരം അപാകതയായി മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ടിയാനെ അന്തിമ സ്ഥലം മാറ്റ ഉത്തരവിൽ നിന്നും ഒഴിവാക്കുന്നു.

പരാമർശം (1) ഉത്തരവ് പ്രകാരം അസിസ്റ്റന്റ് കൃഷി ഓഫീസർ ആയി നിയമനം നൽകിയ ശ്രീ.അനിൽ കുമാർ (PEN : 357538) സീനിയോറിറ്റി ലിസ്റ്റിൽ 877 മതായി ആണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ ടിയാൻ സേവനത്തിൽ പ്രവേശിച്ച തീയതി 20.11.2013 ലാണെന്നും കൃഷി അസിസ്റ്റന്റ് ഗ്രേഡ്

I ആയിട്ടില്ലായെന്നും പരാമർശം (4) പ്രകാരം എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടിയാന്റെ പ്രൊമോഷൻ റദ്ദ് ചെയ്യുന്നു.

മേൽ രണ്ട് ഖണ്ഡിക പ്രകാരമുള്ള കൃഷി അസിസ്റ്റന്റുമാരുടെ രണ്ട് ഒഴിവുകളിലായി സീനിയോറിറ്റി ലിസ്റ്റിലെ അടുത്ത ക്രമനമ്പരുകാരായ 938, 940 എന്നിവരെ ഉൾപ്പെടുത്തികൊണ്ട് അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

അന്തിമ ഉത്തരവിലെ ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് നൽകിയ തീയതി മുതൽ 43400-1100-47800-1200-52600-1300-56500-1400-60700-1500-65200-1600-70000-1800-79000-2000-89000-2200-91200 ശമ്പള സ്കെയിലിൽ അനുവദിച്ചുകൊണ്ടും ടി ജീവനക്കാർക്ക് ജി.ഒ. (പി) 515/07/ഫിൻ തീയതി 19.10.2007, സർക്കാർ സർക്കുലർ നം. 05/10/ഫിൻ തീയതി 14.01.2010 എന്നിവ പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് പരാമർശം (2), (3) ഉത്തരവുകൾ/നിർദ്ദേശങ്ങൾക്ക് വിധേയമായി അർഹത ഉണ്ടായിരിക്കുന്നതാണ്.

നിയന്ത്രണ ഉദ്യോഗസ്ഥർ ടി ജീവനക്കാരുടെ ശമ്പളം നിർണ്ണയിച്ചു നൽകി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ സമയബന്ധിതമായി സേവനപുസ്തകത്തിൽ വരുത്തേണ്ടതാണ്.

2023 കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ പൊതുസ്ഥലംമാറ്റം അന്തിമാകാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രൊമോഷൻ പൊതുസ്ഥലംമാറ്റത്തിന് വിധേയമായിരിക്കും. എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും ഉത്തരവിന്റെ പകർപ്പ് കിട്ടി എന്നുള്ള വിവരം ഉറപ്പാക്കേണ്ടതാണ്. ജീവനക്കാരെ വിടുതൽ ചെയ്ത/ജോയിൻ ചെയ്ത വിവരങ്ങൾ ബന്ധപ്പെട്ട മേലധികാരികൾ (ജീവനക്കാരുടെ PEN ഉൾപ്പെടുത്തി) യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Beena P S
Date: 08-01-2024 12:09:23

BEENA P S
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2) ഐ.റ്റി.സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

## അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലേയ്ക്ക് പ്രമോഷൻ അനുവദിക്കുന്ന ജീവനക്കാരുടെ പട്ടിക

| ക്രമ നമ്പർ | പെൻ നമ്പർ | പേരും നിലവിലെ ഓഫീസ് | അസിസ്റ്റന്റ് കൃഷി ഓഫീസറായി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 1. | 505307 | **ഹേമചന്ദ്രൻ.സി.ആർ**<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ അലയമൺ, കൊല്ലം | കൃഷി ഭവൻ വേങ്ങൂർ<br>എറണാകുളം |
| 2. | 182446 | **ബിന്ദുകുമാരി.എസ്.എസ്.**<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ കോട്ടുകാൽ, തിരുവനന്തപുരം | കൃഷി ഭവൻ കൊക്കയാർ<br>ഇടുക്കി |
| 3. | 337750 | **ബോബൻ.കെ.എം.**<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ വട്ടവട | കൃഷി ഭവൻ വേങ്ങാട്<br>കണ്ണൂർ |
| 4. | 182495 | **സി.കെ.നന്ദിനി**<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ ഒറ്റശേഖരമംഗലം ,തിരുവനതപുരം | കൃഷി ഭവൻ ആനക്കയം<br>മലപ്പുറം |
| 5. | 357116 | **ജാതവേദൻ**<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ വടക്കേക്കര എറണാകുളം | കൃഷി ഭവൻ പുന്നയൂർക്കുളം<br>തൃശ്ശൂർ |
| 6. | 357601 | **ലീന.കെ.ശങ്കർ**<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ മുളക്കുഴ ആലപ്പുഴ | കൃഷി ഭവൻ വടകര<br>കോഴിക്കോട് |
| 7. | 357342 | പി.പി.അനിൽകുമാർ<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ നഗരൂർ തിരുവനന്തപുരം | കൃഷി ഭവൻ ഏലപ്പാറ<br>ഇടുക്കി |
| 8. | 682782 | റ്റി.**രവി**<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ പുന്നയൂർക്കുളം തൃശ്ശൂർ | കൃഷി ഭവൻ കോടോമ്പല്ലൂർ<br>കാസർഗോഡ് |
| 9. | 182696 | **ചന്ദ്രബാബുപിള്ള**<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ മംഗലാപുരം തിരുവനന്തപുരം | കൃഷി ഭവൻ കരുണാപുരം<br>ഇടുക്കി |
| 10. | 633122 | **കെ.ആർ.സോമസുന്ദരൻ ആചാരി**<br>കൃഷി അസിസ്റ്റന്റ് | കൃഷി ഭവൻ മുക്കം<br>കോഴിക്കോട് |

'159458/2023

| | | | |
|---|---|---|---|
| | | T x D പോളിനേഷൻ യൂണിറ്റ്, ചാലോട് കണ്ണൂർ | |
| 11. | 336611 | എം ദാവൂദ്<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ കിഴക്കൻചേരി പാലക്കാട് | കൃഷി ഭവൻ തിക്കോടി കോഴിക്കോട് |
| 12. | 357659 | ശ്രീജകുമാരി.ആർ<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ നാരങ്ങാനം പത്തനംതിട്ട | കൃഷി ഭവൻ<br>പുന്നപ്ര നോർത്ത്<br>ആലപ്പുഴ |
| 13. | 336852 | ആർ.രേഖ<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ തിരുവില്വാമല<br>തൃശ്ശൂർ | കൃഷി ഭവൻ കോട്ടോപ്പാടം<br>പാലക്കാട് |
| 14. | 356621 | ഷൈനി .കെ ജേക്കബ്<br>കൃഷി അസിസ്റ്റന്റ്<br>കൃഷി ഭവൻ ചെറിയനാട് ആലപ്പുഴ | കൃഷി ഭവൻ തുവ്വൂർ<br>മലപ്പുറം |

**GEORGE SEBASTIAN**
**Director of Agriculture i/c**